23

# “ഞാൻ തന്നേ പുനരുത്ഥാനം”

## (11:1- 44)

യിരെമ്യാവു അതെങ്ങനെ ചെയ്തു എന്നെനിക്ക് അറിഞ്ഞുകൂടാ! പഴയ നിയമപ്രവാചകൻ പ്രസംഗിക്കുവാൻ ഓരോ സമയത്തും എഴുന്നേല്ക്കുമ്പോൾ സഭ കുറഞ്ഞുവരും. കാരണം പ്രവാചകൻ സംസാരിച്ച സമയവും താൻ സംസാരിച്ച സത്യവും ആളുകൾക്കു മോശമായ വാർത്ത ആയിരുന്നു. യിസ്രായേൽ ജനം ദുഷ്ടതയുടെ അറ്റത്തെത്തുകയും, ദൈവം അവരെ ബാബേലിൽ പ്രവാസികളായി അയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. യിസ്രായേലിനുള്ള യിരെമ്യാവിന്റെ സന്ദേശം “അവരുടെ മരുന്നു എടുത്തു” സമാധാനത്തോടെ ശിക്ഷ സ്വീകരിക്കുക എന്നായിരുന്നു. അതിന്റെ ഫലമായി, ആളുകൾ അവനെ വെറുക്കുകയും അവൻ മരിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നു വിചാരിക്കുകയും ചെയ്തു!

### മോശമായ വാർത്ത

യോഹന്നാൻ 11-ൽ നിന്നുള്ള ഈ പഠനത്തിൽ നിന്നു പഠിച്ചു തുടങ്ങുന്ന ഈ ഉപദേഷ്ടാവു, യിരെമ്യാവിനെ പോലെ ആണെന്നു ഏതാണ്ടു ചിന്തിച്ചുപോകും. ഈ സന്ദേശത്തിൽ മനോഹരമായ ചില നല്ല വിശേഷങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിലും, നമുക്കു ആഗ്രഹമില്ലാത്ത ചിലതു നാം ആദ്യം നേരിടേണ്ടതായിട്ടുണ്ട്. *നാം മരിക്കും* എന്നതാണ് വേദനാജനകമായ സത്യം! ജീവിതം അനർത്ഥ സൂചകമാണ്. എങ്ങനെയായാലും, യുവാവും, ശക്തനും, ആരോഗ്യമുള്ളവനും ആയിരിക്കാം നാം ഇപ്പോൾ, ഒരു ദിവസം നാം മരിക്കും! അതു ഇന്നോ അല്ലെങ്കിൽ നാളെയോ അല്ലെങ്കിൽ എൺപതുവർഷം കഴിഞ്ഞോ നാം എല്ലാവരും മരിക്കും.

ഈ ഭയങ്കര സത്യത്തെ ഒഴിവാക്കുവാൻ നാം പല മാർഗ്ഗങ്ങളും തേടും. നാം നന്നായി വ്യായാമം എടുക്കും, ശരിയായ ആഹാരം കഴിക്കും, സീറ്റ് ബെൽറ്റും ഹെൽമറ്റും ധരിക്കും, ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കും പുറത്തുപോകുമ്പോൾ സൂര്യതാപം ഏല്ക്കാതെ

നോക്കും, നാം നമ്മെ മരണത്തിൽ നിന്നു സംരക്ഷിക്കുവാനാണ് ഇതെല്ലാം ചെയ്യുന്നത്. അവസാനം മരണത്തിൽ നിന്നും നമ്മെ സംരക്ഷിക്കുവാൻ ഒന്നിനും കഴിയുകയില്ല, മരണ നിരക്ക് ലോകത്തിൽ 100 ശതമാനമാണ്!

"ഇന്നു ഞാൻ ഇതു കേൾക്കുവാൻ ഇഷ്ടപ്പെടുന്നില്ല എന്നു നിങ്ങൾ ചിന്തിച്ചേക്കാം! എനിക്കു വളരെ ക്ലേശം അനുഭവപ്പെട്ട ആഴ്ച്ചയായിരുന്നു, ഇപ്പോൾ മരണമാണ് എന്നെ ഓർപ്പിക്കുന്നത്!" സുവിശേഷം അതിനു ഉത്തരം നല്കുന്നില്ലെങ്കിൽ, അത്തരം വേദനയും നിരാശയും കലർന്ന വിഷയം കേൾക്കുവാൻ ഞാനില്ല. "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും" എന്നു യോഹന്നാൻ 11 ലെ സംഭവത്തിൽ യേശു വാഗ്ദാനം നല്കുന്നു. അതു മനോഹരമായ വാർത്തയാണ്, എന്നാൽ അതു നാം അനുമോദിക്കേണ്ടതിനു ആദ്യം നമ്മെ മോശമായ വാർത്ത ഓർപ്പിക്കുന്നു.

യെഹൂദ്യയിലെ എതിർപ്പിൽ നിന്നു യേശുവും ശിഷ്യന്മാരും ഓടി യോർദ്ദാൻ നദി കടന്നു യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചിരുന്ന മേഖലയിലേക്കു പോയി (10:40). ഒരു ദിവസം ബേഥാന്യയിലെ ലാസർ ദീനമായി കിടക്കുന്നു എന്ന വാർത്ത എത്തി (11:1). ലാസറും, അവന്റെ സഹോദരിമാരായ മറിയയും മാർത്തയും അവനു പ്രിയരായിരുന്നതു കൊണ്ടു ആളുകൾ വിചാരിച്ചത് അവൻ ഉടനെ പോകും എന്നാണ്. എങ്ങനെയായാലും, കാരണം എന്തെന്നു അവനു മാത്രമെ അപ്പോൾ അറിയാമായിരുന്നുള്ളൂ. യേശു ആയിരുന്ന സ്ഥലത്തു രണ്ടു ദിവസം കൂടെ താമസിച്ചു. അവസാനം, ലാസർ മരിച്ചു എന്നറിഞ്ഞു, ദീനമായി കിടക്കുന്ന ലാസറിനെ നമുക്കു കാണാൻ പോകാം എന്നു യേശു പറഞ്ഞു. യെരുശലേമിലേക്കു വീണ്ടും പോയാൽ, ഉപദ്രവവും, ഒരുപക്ഷെ മരണം പോലും സംഭവിച്ചേക്കാം എന്നതുകൊണ്ടു ആദ്യം അവർ അവനെ തടഞ്ഞു. ബെഥാന്യ യെരുശലേമിൽ നിന്നു രണ്ടു നാഴിക ദൂരമേ ഉണ്ടായിരുന്നുള്ളൂ (11:18). എങ്ങനെയായാലും, ലാസർ മരിച്ചു പോയി എന്നവൻ പറഞ്ഞപ്പോൾ, മടി കൂടാതെ അവർ പോകുവാൻ തയ്യാറായി – തോമസ് പറഞ്ഞു, "അവനോടുകൂടെ പോയി മരിക്കാം" (11:16).

യേശു ഗ്രാമത്തോടടുക്കുന്നു, എന്നു അവിടെ പ്രവേശിക്കുന്നതിനുമുൻപു (11:30). യേശു വരുന്നുവെന്നു മാർത്ത കേട്ടിട്ടു അവനെ എതിരേല്പാൻ ചെന്നു. അവൾ അവനോടു പറഞ്ഞു, "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" (11:21). മരണത്തിൽ അവളുടെ നിസ്സഹായ വികാരം മനുഷ്യവർഗ്ഗത്തിനു മുഴുവൻ എടുത്തുകാണിക്കാൻ കഴിയും. മരണത്തിന്റെ അസാധാരണ ശക്തിയിൽ നിന്നും ഒരു ശക്തിക്കും നമ്മെ സംരക്ഷിക്കുവാൻ സാധ്യമല്ല എന്നു ലോകത്തിനു പറയാൻ കഴിയുന്നതാണ് ശവസംസ്കാരം.

യേശു മാർത്തയോടു പ്രതികരിച്ചു, പറഞ്ഞു, "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും" (11:23). ആ വാക്ക് അവൾക്ക് എങ്ങനെ തോന്നി എന്നു നമുക്കറിയില്ല. അവൾക്കു വേദനയുണ്ടാക്കിയോ? ശവ

മടക്കു കഴിഞ്ഞ ഒരു വീട്ടിൽ ആളുകൾ ചിലപ്പോൾ പറഞ്ഞു കേൾക്കാറുള്ള പൊള്ളയായ വാക്കുകളായി അവൾക്കു തോന്നിയോ? അവളുടെ വിശ്വാസക്കുറവു ശാസിക്കുന്നതായിരുന്നോ അത്? യേശുവിന്റെ പ്രസ്താവനയോടുള്ള അവളുടെ ആദ്യ പ്രതികരണം എന്തായാലും, മാർത്ത അതിനെ ആത്മികമാക്കി മറുപടി പറഞ്ഞു, "ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു" (11:24).

### നല്ല വാർത്ത

തന്റെ മുഴുവൻ ശുശ്രൂഷയിലും വെച്ചു ലോകത്തെ - മാറ്റുന്ന ചില വാക്കുകൾ ഈ സന്ദർഭത്തിൽ യേശു സംസാരിച്ചു. അവൻ മാർത്തയോടു പറഞ്ഞു, "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" (11:25, 26). ഈ സമയത്ത് യേശു *പറയാതിരുന്നതു* പ്രാധാന്യമർഹിക്കുന്നു. "ഞാൻ ലാസറിനെ ഉയിർപ്പിക്കും" എന്ന് അവൻ പറഞ്ഞില്ല. "ഞാൻ സ്വയമായി പുനരുത്ഥാനം അനുഭവിക്കും" എന്ന് അവൻ പറഞ്ഞില്ല. അതിനേക്കാൾ പ്രാധാന്യത്തോടെയാണ് അവൻ ഇങ്ങനെ പറഞ്ഞതു, "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു." യോഹന്നാന്റെ സുവിശേഷത്തിലെ മറ്റൊരു "ഞാൻ" എന്നതു നാം കണ്ടുമുട്ടുന്നു. യേശു ദൈവമാണെന്നു വീണ്ടും അവകാശപ്പെടുന്നു, അതേ സമയത്തു, വലിയ ശത്രുവായ, മരണത്തോടുള്ള അവന്റെ ബന്ധത്തെ നിർവ്വചിക്കയും ചെയ്യുന്നു.

ഞാൻ തന്നെയാണ് പുനരുത്ഥാനം എന്നു അവൻ പറഞ്ഞതുകൊണ്ടു, അവന്റെ അനുയായികൾ മരിക്കയില്ല എന്നവൻ വാഗ്ദാനം ചെയ്തില്ല, അല്ലെങ്കിൽ അവൻ ഒരിക്കലും ഭൗതിക മരണത്തെ നേരിടുകയില്ല എന്നും പറഞ്ഞില്ല. പകരം, അവൻ അവകാശപ്പെട്ടതു, മറിച്ചു, താൻ മരിക്കയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തതുകൊണ്ടു, മരണത്തിന്റെ ശക്തി ഇല്ലാതാകുമെന്നാണ് പറഞ്ഞത്. അവന്റെ അനുയായികൾക്കു മരണവുമായുള്ള ബന്ധം മുൻപിലേപോലെ ആകുകയില്ല എന്നർത്ഥം. അവരെ സംബന്ധിച്ചു പുനരുത്ഥാനം ഒരിക്കൽ - സംഭവിക്കുന്ന അത്ഭുതത്തേക്കാൾ പ്രാധാന്യമുള്ളതാണ്; ജീവിതത്തെ സംബന്ധിച്ചു അതു ഒരു പുതിയ യാഥാർത്ഥ്യം ആയിരിക്കും!

ആത്മീയ കാര്യങ്ങളെ കൂടുതൽ മനസ്സിലാക്കുന്നതും ഭയങ്കരവിശ്വാസം ജനിപ്പിക്കുന്നതുമായ വാക്കുകളായിരുന്നു മാർത്ത അടുത്തതായി പറഞ്ഞത്. നീ വിശ്വസിക്കുന്നുവോ എന്നു യേശു ചോദിച്ചപ്പോൾ, അവൾ പറഞ്ഞു, "ഉവ്വ്, കർത്താവേ; ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു" (11:27). സംഭവിക്കുവാനിരിക്കുന്ന അതിശയകരമായ അത്ഭുതം സാക്ഷീകരിക്കുന്നതിനുമുൻപു യോഹന്നാന്റെ സുവിശേഷം എഴുതിയതിന്റെ ഉദ്ദേശത്തിൽ അടങ്ങിയിരിക്കുന്ന വിശ്വാസം മാർത്ത പ്രദർശിപ്പിച്ചു![1]

മാർത്ത യേശുവിനെ കണ്ടുമുട്ടിയശേഷം, അവൾ വീട്ടിൽ പോയി കർത്താവിന്റെ വരവിനെക്കുറിച്ചു തന്റെ സഹോദരിയോടു പറഞ്ഞു.

യേശു അടുത്തെത്തി എന്നു കേട്ടു അവൾ അവന്റെ അടുക്കലേക്കു ഓടി ചെന്നു. അവൾ യേശുവിന്റെ അടുക്കൽ ചെന്നപ്പോൾ, അവൾ അവന്റെ കാൽക്കൽ വീണു, തന്റെ സഹോദരി പറഞ്ഞ വേദനയോടെയുള്ള വാക്കുകൾ ആവർത്തിച്ചു: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" (11:32). മറിയ ആ സമയത്തു അനുഭവിച്ച, വേദന, ദുഃഖം, സങ്കടം, നിരാശ എന്നിവ നാമും അനുഭവിച്ചിട്ടുണ്ട്. തൽഫലമായി, നമുക്കെല്ലാം യേശുവിനോടുകൂടെ ലാസറിന്റെ കല്ലറയിലേക്കു പോകാം.

അന്നു അവൻ കണ്ടതെല്ലാം നിമിത്തം, യേശു "ഉള്ളം നൊന്തു കലങ്ങി" (11:33). ലാസറിനെ അടക്കിയതു എവിടെ എന്നു അവൻ ചോദിച്ചു. അവർ കല്ലറയിലേക്കു പോയപ്പോൾ യേശു കരഞ്ഞവരോടുകൂടെ കാണത്തക്കവിധം കരഞ്ഞു (11:35). കണ്ടു നിന്നവർ അതിശയിച്ചു "നോക്കൂ അവനോടു എത്ര പ്രിയമുണ്ടായിരുന്നു!" (11:36).

വലിയ കല്ലുകൊണ്ടു മൂടിയിരുന്ന ഒരു ഗുഹയായിരുന്നു വാസ്തവത്തിൽ ലാസറിന്റെ കല്ലറ (11:38). യേശു അവരോടു കല്ലു നീക്കം ചെയ്യുവാൻ പറഞ്ഞപ്പോൾ, മാർത്ത തടസ്സപ്പെടുത്തി പറഞ്ഞു, ലാസറിനെ അടക്കിയിട്ടു നാലു ദിവസം ആയി, നാറ്റം വെച്ചു തുടങ്ങി എന്നു പറഞ്ഞു. യേശു അവളോടു തന്നെ വിശ്വസിക്കുവാൻ പറഞ്ഞു കല്ലു നീക്കി (11:39-41).

ലാസറിന്റെ കല്ലറക്കൽ സംഭവിച്ച അടയാളം, യോഹന്നാന്റെ സുവിശേഷത്തിലെ മറ്റെല്ലാ "അടയാളങ്ങളിൽ" നിന്നും ശ്രേഷ്ഠമായിരുന്നു. ഇതു സംഭവിച്ചതു ആളുകൾ "ദൈവ മഹത്വം" കാണേണ്ടതിനായിരുന്നു എന്നു യോഹന്നാൻ 11-ൽ യേശു മൂന്നു പ്രാവശ്യം പറഞ്ഞു (11:4, 15, 40). യേശുവിന്റെ ഉപദേശങ്ങളിലും അത്ഭുതങ്ങളിലും ഓരോന്നിലും നാം ദൈവ മഹത്വം കാണുകയുണ്ടായി; എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഇതുവരെ, ലാസറിനെ ഉയിർപ്പിക്കുമ്പോൾ, ദൈവ മഹത്വം - ഉൽക്കൃഷ്ടമായി പ്രകാശിക്കുവാൻ തുടങ്ങി - ദൈവം ക്രിസ്തുവിന്റെ സന്നിഹിതനായി - ശോഭയോടെ പ്രകാശിച്ചു. ഒരു സ്വിച്ചുള്ള ലൈറ്റ് പ്രകാശം കൂട്ടുവാനും കുറക്കുവാനും കഴിയുന്നതുപയോഗിച്ചു യോഹന്നാന്റെ സുവിശേഷം വായിക്കുന്നതുപോലെ ആയിരിക്കും. നാം യോഹന്നാനിലേക്കു കൂടുതൽ പോകുന്തോറും, ലൈറ്റു കൂടുതൽ പ്രകാശിക്കും. നാം 11-ാം അദ്ധ്യായത്തിൽ ചെല്ലുമ്പോൾ, ലൈറ്റ് ഏതാണ്ടു പ്രകാശമില്ലാതാകുന്നു; പല രീതിയിലും നാം ദൈവമഹത്വം കണ്ടുകഴിഞ്ഞു; അതു ശക്തിയോടുകൂടെ അടുത്ത രണ്ടുമൂന്നു വാക്യങ്ങളിൽ നാം കാണുന്നു.

വൈകാരിക ക്ഷോഭത്തോടെ, കരഞ്ഞ അനുശോചകർ ലാസറിന്റെ കല്ലറക്കു പുറത്തു കവാടത്തിൽ നിന്നു കല്ലു മാറ്റുന്നതു നോക്കി നില്ക്കുമ്പോൾ, യേശു തന്റെ കണ്ണുകൾ സ്വർഗ്ഗത്തേക്കുനോക്കി പ്രാർത്ഥിച്ചു (11:41, 42). അവൻ തന്റെ പ്രാർത്ഥന അവസാനിപ്പിച്ചപ്പോൾ, യേശു അത്യുച്ചത്തിൽ, "ലാസറേ, പുറത്തുവാ" എന്നു പറഞ്ഞു (11:43). എല്ലാവരും ഗുഹയുടെ വാതില്ക്കൽ നോക്കി നിന്നപ്പോൾ വലിയ നിശബ്ദത പരന്നിരിക്കും. ഒന്നും സംഭവിച്ചില്ലെങ്കിൽ, അവർ ഒരു ഭ്രാന്തന്റെ

മുൻപിൽ ആണ് നില്ക്കുന്നതെന്നു അവർക്കു ബോധ്യമാവും; എന്നാൽ ലാസർ പുറത്തു വരികയാണെങ്കിൽ തീർച്ചയായും തങ്ങൾ നില്ക്കുന്നതു ഇതുവരെയും, കണ്ടിട്ടില്ലാത്ത ശക്തനായ ഒരാളുടെ മുൻപിൽ ആണെന്നു തിരിച്ചറിയും.

"മരിച്ചുപോയ," ലാസർ (11:44), അവനെ അടക്കിയപ്പോൾ ചുറ്റിയ വസ്ത്രത്തോടുകൂടി, അവൻ ഗുഹയുടെ പുറത്തുവന്നു. അടുത്തുനിന്നവരോടു യേശു പറഞ്ഞു, "അവന്റെ കെട്ടഴിപ്പിൻ, അവൻ പോകട്ടെ" (11:44). ലാസർ ജീവനോടെ വന്നു, തന്നെക്കുറിച്ചു താൻ അവകാശപ്പെട്ടതു ശരിയാണെന്നു യേശു കാണിച്ചു കൊടുത്തു, ദൈവമഹത്വം കൂടുതൽ പ്രകാശമാനമായി! ഫലം, പ്രതീക്ഷിച്ചതുപോലെ, അന്നു ആ സംഭവം കണ്ട പലരും അവനിൽ വിശ്വസിച്ചു (11:45).

## നല്ല വാർത്തയും നാമും

ലാസറിന്റെ കല്ലറക്കൽ യേശു ചെയ്ത സംഭവം നമ്മുടെ മരണ ഭയത്തെ നേരിടുവാൻ സഹായിക്കുന്നതാണ്. അന്നു യേശു അതു ചെയ്തതുകൊണ്ടു ഈ ജീവിതത്തിൽ സന്തോഷിക്കുവാൻ നാം മരണത്തിന്റെ യാഥാർത്ഥ്യത്തെ തള്ളിപ്പറയേണ്ടതില്ല. ക്രിസ്ത്യാനികളായതുകൊണ്ടു നാം മരണത്തിൽ നിന്നു ഓടി ഒളിക്കേണ്ടതില്ല; നാം അതിനെ നേരിടണം. നമുക്ക് അതു സംഭവിക്കുകയില്ല എന്നു നാം നടിക്കരുത്; എന്നാൽ അതിനു ഒരു പരിഹാരം ഉണ്ടെന്നു ലോകത്തോടു നാം വിളിച്ചറിയിക്കണം. ഈ പുതിയ മനോഭാവം താഴെ കൊടുത്തിരിക്കുന്ന രണ്ടു മാതൃകകൾ പൗലൊസിന്റെ എഴുത്തുകളിൽ കാണാം:

> *മരണത്തിനോ* ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനിരിക്കുന്നതിനോ ഉയരത്തിനോ ആഴത്തിനോ മറ്റുയാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു (റോമർ 8:38, 39; എംഫസിസ് മൈൻ).

> ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്തെയും ധരിക്കുമ്പോൾ "*മരണം നീങ്ങി ജയം വന്നിരിക്കുന്നു* എന്നു എഴുതിയ വചനം നിവൃത്തിയാകും. *ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ?*" (1 കൊരിന്ത്യർ 15:54, 55; എംഫസിസ് മൈൻ).

മരണം ജീവിത യാഥാർത്ഥ്യമാണ്. മരണത്തിനു ഒരു ഉത്തരം ക്രിസ്ത്യാനിത്വം നല്കുന്നതുകൊണ്ടു നമുക്കു നന്ദിയുള്ളവരായിരിക്കാം. "യഥാർത്ഥലോകത്തിൽ" നമുക്കു സമാധാനവും സന്തോഷവും നല്കുന്ന അറിവാണ് യേശു പുനരുത്ഥാനവും ജീവനും ആകുന്നു എന്നത്. നാം മരണഭയത്തെ നേരിട്ടാൽ മാത്രമെ, ഈ ജീവിതത്തിൽ ശരിയായി സന്തോഷിക്കുവാൻ കഴിയൂ.

പതിനേഴാം - നൂറ്റാണ്ടിലെ കവിയും ഉപദേഷ്ടാവും ആയിരുന്ന ജോൺ ഡോണേ, തന്റെ ജീവിതത്തിലും മരണത്തിലും ഉണ്ടാകുന്ന വലിയ പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തയിൽ തന്റെ മനസ്സിനെയും ആത്മാവിനെയും അച്ചടക്കത്തിലാക്കുവാൻ ഒരു സമയത്തു ശവപ്പെട്ടിയിൽ കിടന്നുറങ്ങി. കുറച്ചു വർഷങ്ങൾക്കു മുൻപു എനിക്കു അതേ രീതിയിലുള്ള അനുഭവം ഉണ്ടായി. എന്റെ ഓഫീസിനു ചുറ്റും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ശബ്ദങ്ങൾകാരണം എനിക്കു സ്വസ്ഥമായി പഠിക്കുവാനോ പ്രാർത്ഥിക്കുവാനോ പറ്റാതായി. അടുത്തുള്ള ഒരു നല്ല സുഹൃത്തായ ഒരു ശവപ്പെട്ടി വില്പനക്കാരനോടു ഞാൻ എന്റെ പ്രശ്നം പറഞ്ഞു. കുറച്ചുസമയം കഴിഞ്ഞു അദ്ദേഹം പറഞ്ഞു, എന്റെ പ്രശ്നത്തിനു ഒരു പരിഹാരം കണ്ടെത്തി എന്ന്. അദ്ദേഹത്തിന്റെ രണ്ടാം നിലയിലെ ശവപ്പെട്ടികൾ സൂക്ഷിക്കുന്ന മുറിയിലേക്കു എന്നെ കൂട്ടിക്കൊണ്ടുപോയതു ഒന്നൂഹിച്ചു നോക്കുക. അദ്ദേഹം അവിടെ എനിക്കുവേണ്ടി ഒരു ചെറിയ പഠനമുറി ഒരുക്കിയിരിക്കുന്നു - അതു അദ്ദേഹം ശവപ്പെട്ടി സൂക്ഷിക്കുന്ന മുറിയുടെ പുറകിലാണ്! അതു എനിക്കു കിട്ടിയിട്ടുള്ളതിൽ വെച്ചു മനോഹരമായ ദാനം ആയിരുന്നു, അവിടെയാണ് എനിക്കു എല്ലാ വിട്ടുകൊണ്ടു, പഠനത്തിനും, ചിന്തക്കും, പ്രാർത്ഥനയ്ക്കുമായുള്ള സ്ഥലം. (ചുരുങ്ങിയതു, ആരും ഒരു ശവപ്പെട്ടിക്കടയിൽ വന്നു ശല്യം ചെയ്യുകയില്ലല്ലൊ!) ജീവിതത്തിന്റെ ഏറ്റവും വിഷമമുള്ള നിഴലിൽ, ശവപ്പെട്ടിക്കടയിലിരുന്നു എല്ലാ പ്രസംഗവും എഴുതിയിരുന്നെങ്കിൽ എന്നു ഞാൻ അന്നു ചിന്തിച്ചുപോയി. സുഗന്ധതൈലം തളിച്ച ശവപ്പെട്ടികൾ കൂട്ടിവെച്ചിരിക്കുന്ന ആ മുറിയിലൂടെ നടക്കുമ്പോൾ ആളുകളുടെ സുഖസൗകര്യത്തെക്കുറിച്ചല്ല, എന്റെ ദൗത്യമെന്നും; ആളുകളെ അവരുടെ ജീവിതയാഥാർത്ഥ്യം കണ്ടെത്തുവാനാണ് സഹായിക്കേണ്ടതെന്നും എനിക്കു ബോധ്യമായി. അവരുടെ ഹൃദയങ്ങളിലെ എല്ലാ ദുഃഖവും നീക്കുകയല്ല; കഴിഞ്ഞ ദുഃഖത്തിൽ നിന്നു പുനരുത്ഥാനത്തിലേക്കുള്ള വഴിയാണ് അവർക്കു കാണിച്ചു കൊടുക്കേണ്ടത്. ലോകത്തിന്റെ സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും നേരിടുവാൻ സഹായിക്കുക മാത്രമല്ല; ദൈവത്തെ നേരിടുവാൻ ഒരുക്കുകയും വേണം (ആമോസ് 4:12).

**ഉപസംഹാരം**

ആകാംക്ഷയുണർത്തുന്ന പുസ്തകം നിങ്ങൾ വായിക്കുകയോ അല്ലെങ്കിൽ സസ്പെൻസുള്ള സിനിമ നിങ്ങൾ കാണുകയോ ചെയ്തിട്ടുണ്ടോ? അപ്പോൾ നിങ്ങൾക്കും കൗതുകവും രോമാഞ്ചവുമുണ്ടായിട്ടുണ്ടോ? അതേ പുസ്തകം നിങ്ങൾ വീണ്ടും വായിക്കുകയോ അല്ലെങ്കിൽ അതേ സിനിമ നിങ്ങൾ വീണ്ടും കാണുകയോ ചെയ്തിട്ടുണ്ടോ? രണ്ടാം പ്രാവശ്യം നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ഞാൻ അങ്ങനെ ചെയ്യുമ്പോൾ, രണ്ടാം പ്രാവശ്യം, നായകന്റെ കുഴപ്പങ്ങളും അപകടങ്ങളുമെല്ലാം നേരിടുന്നതു വ്യത്യസ്തമായ രീതിയിൽ നോക്കി, എല്ലാം അവസാനം ശുഭമായി തീരും എന്നുറച്ചിരിക്കും.

ലാസർ ബേഥാന്യക്കടുത്ത ഗുഹയിൽ നിന്നു പുറത്തുവന്നപ്പോൾ,

നമുക്കു അവസാനം എന്തായിരിക്കും എന്നു അവൻ കാണിച്ചു തരികയാണ്. കർത്താവു പെട്ടെന്നു മടങ്ങിവന്നില്ലെങ്കിൽ, നാമെല്ലാവരും മരണത്തെ നേരിടേണ്ടിവരും എന്നതു വാസ്തവമാണ്. എങ്ങനെയായാലും, യേശു പുനരുത്ഥാനവും ജീവനും ആകയാൽ, നാം മരണത്തെ കാണുന്നതു വ്യത്യസ്തമായിട്ടാണ്. നമ്മുടെ ശരീരങ്ങൾ ഒരു ദിവസം കല്ലറയിൽ വെക്കും, ഒരു ദിവസം കല്ലറയിൽ നിന്നു എഴുന്നേല്ക്കുകയും ചെയ്യും! മരണം എന്ന പ്രശ്നത്തിനുള്ള ഉത്തരം യേശു ആണെന്നു നാം വിശ്വസിച്ചാൽ മാത്രമേ, അപ്പോൾ മാത്രമെ നാം വാസ്തവത്തിൽ ജീവിക്കുവാൻ തയ്യാറാകുന്നുള്ളൂ!

---

കുറിപ്പ്

[1]മാർത്തയുടെ ഏറ്റുപറച്ചിലിന്റെ കുറിപ്പായി, ലെയോൺ മോറിസ് (ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1986], 551) അതിൽ ശ്രദ്ധിച്ചത് മാർത്ത അവളുടെ വ്യാപാരത്തിൽ പ്രസിദ്ധയായിരുന്നെങ്കിലും അവളുടെ ഏറ്റുപറച്ചിൽ എത്ര നിർഭാഗ്യമായിപോയി (ലൂക്കൊസ് 10:41); അവളുടെ ഏറ്റു പറച്ചിൽ ശ്രദ്ധേയമായിരുന്നു.

© 2009 Truth for Today